LIBRARY ARCHIVES Kerala Legislative Assembly

കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ്സ് രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് എന്നിവയാണ്. എന്നാൽ സംഘടിതമായോ, ഒറ്റയ്ക്കോ ആക്രമണം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ യഥാസമയം പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവയിൽ സ്വർണ്ണക്കടത്തുമായി ബന്ധിപ്പിക്കുന്ന തെളിവുകൾ ഉള്ളവ എത്രയെന്ന് ഉള്ളതിന്റെ വിവരം ശേഖരിച്ച് നല്കുന്നതാണ്.

(സി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇത്തരം ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ശ്രദ്ധയിൽപ്പെട്ടാൽ കാര്യക്ഷമമായി ഇടപെടുന്നതിനും നിലവിലുള്ള നിയമപ്രകാരം പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളെയും മറ്റ് സാമൂഹ്യവിരുദ്ധരെയും ശക്തമായി നിയന്ത്രിക്കുന്നതിനായി, തുടർച്ചയായി പൊതുജനസമാധാന ലംഘനം ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തിയും CrPC വകുപ്പ് പ്രകാരം സമാധാന സംരക്ഷണത്തിനായി ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 (KAPPA) സെക്ഷൻ 15 (1) പ്രകാരമുള്ള ഉത്തരവിൽ പരാമർശിക്കുന്ന സ്ഥലങ്ങളിൽ സന്ദർശനം നിഷേധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പൊതുവിദ്യാലയങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ

101 (1465) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ നടത്തുന്ന ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജന്മാർ നുഴഞ്ഞുകയറി അശ്ലീലങ്ങളും മറ്റും പ്രചരിപ്പിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം തടയുന്നതിന് സൈബർ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. ഇതിന്റെ ഭാഗമായി സൈബർ പോലീസിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് Zoom, Google Meet തുടങ്ങിയവയിൽ സുരക്ഷിതമായി എങ്ങനെ ക്ലാസ്സുകൾ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാമെന്നുള്ളതിനെ സംബന്ധിച്ച് ബോധവത്കരണം നടത്തുകയും ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്ന Link, Password എന്നിവ കൈമാറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കുന്നതിനായി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും അവബോധം നൽകുകയും ചെയ്തുവരുന്നു.

(ബി) വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ പഴുതടച്ച സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്കൂൾ അധികാരികൾക്കും രക്ഷിതാക്കൾക്കും നൽകിയിട്ടുണ്ട്:

1. ഓൺലൈൻ പഠന ക്ലാസ്സുകളിൽ നൽകുന്ന ലിങ്കുകൾ മറ്റ് വാട്ട്സാപ്പ് ഗ്രൂപ്പുകളിലോ പബ്ലിക് പ്ലാറ്റ്ഫോമുകളിലോ സോഷ്യൽ മീഡിയകളിലോ പോസ്റ്റ് ചെയ്യാനോ ഷെയർ ചെയ്യാനോ പാടില്ല.

2. വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും Google Meet-ൽ പങ്കെടുക്കുമ്പോൾ G-mail Account കളിൽ 2-step verification enable ചെയ്യുന്നതിനും Secondary E-mail id ക്കൂട്ടിച്ചേർത്ത ശേഷം ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. Google Meet-ൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന device-കളുടെ പേര് rename ചെയ്ത് അവരവരുടെ പേര് നൽകി ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതും അദ്ധ്യാപകർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

4. Google Meet Conduct ചെയ്യുന്ന അദ്ധ്യാപകരോട് ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്ന സമയത്ത് ജോയിൻ ചെയ്യുന്ന വിദ്യാർത്ഥികളുടെ device-കളിലെ G-mail Account-കളിലെ പ്രൊഫൈൽ പിക്ചർ വിദ്യാർത്ഥികളുടെ ഫോട്ടോ ആക്കുന്നതിനും ക്ലാസ്സുകൾ നടത്തുന്ന സമയം വീഡിയോ ക്യാമറ ഓൺ ചെയ്ത്, മൈക്ക് mute ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്, ക്ലാസ്സുകളുടെ വിവരങ്ങൾ screen record ചെയ്ത് സൂക്ഷിക്കുന്നതിനും ക്ലാസ്സുകളിൽ join ചെയ്ത വിദ്യാർത്ഥികളുടെ user name സ്ക്രീൻ ഷോട്ട് എടുത്ത് സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.